ലക്കം 22

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## ദൈവത്വം വെളിപ്പെട്ടു

(മത്തായി 3: 13–17, യോഹന്നാൻ 1: 31–34 വരെയുള്ള വേദഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് താഴെ കൊടുത്തിരിക്കുന്ന വിശദീകരണം.)

ജനക്കൂട്ടം നോക്കിനിൽക്കുമ്പോൾ യേശു യോർദ്ദാൻ നദിക്കരയിൽ സ്നാനമേൽപ്പാൻ വന്നു. യെരുശലേമിൽ നിന്നും യോർദ്ദാനി ലേക്ക് യേശുവിന് മുപ്പത് വയസ്സ് തികയും നേരമാണി വരവ്. യേശുവിന്റെ ഐഹീക ശുശ്രൂഷയുടെ ആരംഭം കുറിക്കുകയായി രുന്നു ഇവിടെ. ആരംഭത്തിൽ സ്നാനമേ ൽക്കാൻ വന്ന യേശുവിനെ യോഹന്നാൻ വിലക്കുന്നതു കാണാം. "നിന്നെ സ്നാന പ്പെടുത്തുവാൻ ഞാൻ യോഗ്യനല്ല." എന്നു പറഞ്ഞു. എങ്കിലും യോഹന്നാനെയാണ്. ദൈവം തന്റെ പുത്രനെ മശ്ശിഹാ എന്നു ലോകത്തിന് പരിചയപ്പെടുത്തുവാൻ നിയോഗിച്ചത്.

യേശുവിനെ വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തുന്നതിൽ നിന്നും പിന്മാറാൻ ശ്രമിച്ചു എങ്കിലും യേശുവിന്റെ നിർബന്ധ ത്താൽ വഴങ്ങുകയായിരുന്നു. യേശു സ്നാനമേറ്റശേഷം വെള്ളത്തിൽ നിന്നും കയറിയപ്പോൾ സ്വർഗ്ഗം തുറക്കുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രാവ് എന്ന രൂപത്തിൽ ഇറങ്ങിവന്നു "ഇവൻ എന്റെ പ്രീയപുത്രൻ ഇവനിൽ ഞാൻ പ്രസാദി ച്ചിരിക്കുന്നു" എന്ന ഒരു ശബ്ദം അവർ കേട്ടു. അവിടെ കൂടിനിന്നിരുന്ന ജനം അത്ഭുതസ്തബ്ദരായി. സ്നാപക യോഹന്നാൻ യഥാർത്ഥത്തിൽ ഇവൻ ദൈവപുത്രൻ തന്നെ എന്ന് സാക്ഷീ കരിക്കുകയും ചെയ്തു.

ദൈവത്തിന്റെ സമ്പൂർണ്ണതയാണ് യോർദ്ദാൻ നദിയിൽ അന്ന് വെളിപ്പെട്ടത്. ത്രിയേക ദൈവത്തിന്റെ മൂന്നു നിലയിലുള്ള പ്രതീകാത്മക വെളിപ്പെടുത്തലുകളാ ണിവിടെ കാണുവാൻ കഴിയുക യേശു എന്ന ദൈവപുത്രൻ സ്നാനമേൽക്കുന്നു. പരിശുദ്ധാത്മാവ് എന്ന വ്യക്തി പ്രാവ് രൂപത്തിൽ അവിടെ ഇറങ്ങിവരുന്നു. പിതാവായ ദൈവം സ്വർഗ്ഗത്തിൽ നിന്നും സംസാരിക്കുന്നു.

ത്രിത്വത്തിന്റെ മൂന്നു വ്യത്യസ്ത പ്രതിരൂപങ്ങൾ ഇവിടെ നിഴലിക്കു ന്നുണ്ടെങ്കിലും ഇവ ഒന്നത്രെ.

ദൈവത്തിന്റെ പ്രകൃതിയെക്കുറിച്ച് പ്രതിപാദിക്കുന്ന ഉപദേശമാണ് ത്രിത്വം എന്നത്. മൂന്നു വ്യക്തിത്വങ്ങളുടെ സമന്വയ സമ്മേളനമാണത്.– പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് – കഴിഞ്ഞ നൂറ്റാണ്ടുകളിൽ വളരെ വലിയ വിവാദങ്ങൾക്ക് വഴിതെളി യിച്ച ഒരു വിഷയമാണിത്. ചില ദുരുപദേശ സംഘങ്ങൾ ഇന്നും ത്രിത്വനിഷേധി കളായിട്ടുണ്ട്. താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നതാണ് ത്രിത്വഉപദേശം:

1. ദൈവം ഒരുവൻ അവൻ ഏകൻ തന്നെ
2. നിത്യ ദൈവത്തിന്റെ മുന്ന് വ്യത്യസ്തവ്യക്തിത്വങ്ങൾ നിലനിൽക്കുന്നു.
3. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം
4. പിതാവല്ല പുത്രൻ, പുത്രനല്ല പിതാവ്, ആത്മാവല്ല പിതാവ്

ആദിമനൂറ്റാണ്ടിലുള്ള സഭാപിതാക്കന്മാർ ( A.D. 325 –ന് മുമ്പ് ) "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്" എന്നീ വിഷയങ്ങ ളെക്കുറിച്ചുള്ള പഠനപരമ്പര തന്നെ ഉണ്ടായിരുന്നു. A.D. 215–ൽ ആദ്യ സഭാ



**ദൈവത്തിന്റെ സമ്പൂർണ്ണതയാണ് യോർദ്ദാൻ നദിയിൽ അന്ന് വെളിപ്പെട്ടത്. ത്രിയേക ദൈവത്തിന്റെ പ്രതീകാത്മക വെളിപ്പെടുത്തലു കളാണിവിടെ കാണുവാൻ കഴിയുക**

പത്രാധിപലേഖനം 3
ബൈബിൾ പഠനം: ത്രിത്വം 4
അനുബന്ധ ലേഖനം: ത്രിയേക ദൈവം 5 - 8
വ്യക്തിപരമായ കർത്തവ്യങ്ങൾ 8
ദൈവത്തിന്റ ഗുണവിശേഷങ്ങൾ 9 - 10
ചോദ്യവും - ഉത്തരവും 11
നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് 12

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23, 1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17, റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14, 1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28, വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27, യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5, യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18, റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15, ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29, 2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

പിതാവായിരുന്ന തെർത്തുല്ല്യൻ ആണ്. "ത്രിത്വം" എന്ന വാക്ക് ആദ്യം ഉപയോഗിച്ചത്. തത്വത്തിൽ പിതാവും, പുത്രനും പരിശുദ്ധാത്മാവ് ഒന്നാണെന്നും അതേസമയം ഒരേ വ്യക്തിത്വമല്ലാതാനും എന്ന വിശദീകരണം കൊടുക്കുകയും ചെയ്തു.

മൂന്നാം നൂറ്റാണ്ടിലുടനീളം യേശുവിന്റെ ദൈവത്വത്തെക്കുറിച്ചും ജഡാവതാരത്തെ ക്കുറിച്ചുമൊക്കെയുള്ള വിവാദമായിരുന്നു. നാലാം നൂറ്റാണ്ടായപ്പോഴേക്കും അരിയൂസ് പുത്രന് മുമ്പേ പിതാവുണ്ടായിരുന്നു എന്ന ദുരുപദേശമായി രംഗത്തുവന്നു. ക്രിസ്തു ദൈവത്തിന്റെ തനി സ്വരൂപമല്ലെന്നുമുള്ള വിവരണമാണ് നൽകിയത്. അര്യൂനിസം അനുസരിച്ച് എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ഒരു സൃഷ്ടിയായിരുന്നു ക്രിസ്തു എന്ന നിലയിൽ അത്വികാസം പ്രാപിച്ച് അത് വളരെ വേഗം വളർന്നു.



കോൺസ്റ്റാൻറ്റീൻ ചക്രവർത്തി യുടെ ആവിർഭാവവും സ്വാധീന വും വളരുകയും ശക്തിപ്രാപിക്കു ക യും ചെയ്തതോടെ റോമിൽ ക്രിസ്ത്യാനിത്വം ഒരു വലിയമത മായി വളരുകയും പൊതുവെ അംഗീകരിക്കപ്പെടുകയും ചെയ്തു. A.D.325 -ലെ ആദ്യത്തെ നിഖ്യാ കൗൺസലിൻ അംഗീകരിക്കപ്പെട്ട ഒരു നിലപാട് ഈ വിഷയത്തിലു ണ്ടായതോടെയാണ് പ്രസ്തുത ഉപദേശത്തിൽ ഒരു പൊതുവായ കാഴ്ച പ്പാട് ഉണ്ടായതും വിവാദങ്ങൾ കെട്ടടങ്ങു കയും ചെയ്തത്. അലക്സാണ്ട്രിയയിലെ അർതാനിയോസാണ് യേശുവിന്റെ ദൈവത്വത്തെക്കുറിച്ചും പിതാവിനോടുള്ള സമത്വത്തെ ക്കുറിച്ചും പ്രധാനമായും പ്രതിപാദിച്ചിരുന്നവരിൽ പ്രമുഖൻ. പിൽക്കാലത്ത് ശക്തിപ്രാപിച്ച സഭായുഗ പിതാക്കന്മാരും ബിഷപ്പുമാരെ ല്ലാവരും അര്യൂസിന്റെ ദുരുപദേശത്തെ പിന്തള്ളുകയും 250-318 വരെയുള്ള കാലത്ത് നിഖ്യാ കൗൺസിലിലെ തീരുമാനം പിന്തുണക്കു കയും ചെയ്തു. ക്രിസ്തു ദൈവാദിദൈവവും, വെളിച്ചങ്ങളുടെ പ്രകാ ശവും, സമ്പൂർണ്ണ ദൈവവും, ഏകജാതനും പിതാവിന് തുല്യനും സൃഷ്ടിയല്ലെന്നും വിവരിച്ചു.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ. മൂന്നുവ്യത്യസ്ത നിലയിൽ വിവക്ഷിക്കുന്ന ത്രിയേകദൈവമാണ്. ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിച്ചാൽ പിന്നെ പാപങ്ങളുടെ വീണ്ടെടുപ്പിനോ ക്രിസ്തുവിന്റെ രക്തത്തിനോ പ്രസക്തിയില്ലാതാകും. പരിശുദ്ധാത്മാവിന് വസിക്കുവാൻ വേണ്ടിയുള്ള ഒരു ആലയമായി നാം തീരുകയും നമ്മുടെ പാപപരി ഹാര ത്തിനായി ജീവൻ ബലിയർപ്പിക്കുവാൻ ഏൽപ്പിച്ചു കൊടുത്ത ക്രിസ്തു വിനെ നമുക്കായി നൽകിയ പിതാവിന് നമുക്ക് നന്ദിയർപ്പിക്കാം.

- MWS

## നിങ്ങൾ വായിക്കുന്നത് ഇഷ്ടപ്പെടുന്നുവോ?

അഞ്ച് വർഷത്തെ ഗോസ്പൽ ട്രൂത്ത് പതിപ്പുകൾ
വായിക്കുവാൻ ഓൺലൈൻ സന്ദർശിക്കു.
www.thegospeltruth.org
ഏകദേശം 20ൽപരം ഉപദേശവിഷയങ്ങൾ വിശകലനം ചെയ്യുന്നു.

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



അവനിലല്ലോ (ദൈവം) നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്. ഇങ്ങനെ നിങ്ങളുടെ കവിവരന്മാരിലും ചിലർ "നാം അവന്റെ സന്താനമല്ലോ" എന്നു പറഞ്ഞിരിക്കുന്നു.– നാം ദൈവത്തിന്റെ സന്താനം എന്നു വരികയാൽ ദൈവം മനുഷ്യന്റെ ശില്പ വിദ്യയും സങ്കല്പവും കൊണ്ട് കൊത്തിതീർത്ത പൊന്ന്, വെള്ളി, കല്ല് എന്നിവയോട് സാദൃശ്യമെന്ന് നിരൂപിക്കേണ്ടതല്ല. –അപ്പൊ. 17:28,29.

ദൈവത്താൽ മാത്രമാണ് നമുക്ക് ജീവശ്വാസവും ശക്തിയും ബലവും ജീവനും ലഭ്യമാക്കുന്നത്. ദൈവത്താലാണ് നമുക്ക് സമാധാനവും രക്ഷയും നിത്യജീവനായുള്ള പ്രത്യാശയും ലഭ്യമാക്കുന്നത്. ദൈവത്തിന്റെ സന്തതിയായ മനുഷ്യൻ, വളരെ പുരോഗതി പ്രാപിച്ചു മുന്നേറിയെങ്കിലും ആരാധനയ്ക്കു യോഗ്യനായ ദൈവം എത്രയോ ഉന്നതൻ.

ദൈവത്വത്തെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചുമുള്ള തിരുവചനവെളിപ്പെടുത്തലുകളെ കുറിച്ചുമാണ് ഞാൻ ഇത്തവണ ഈ പക്തിയിലൂടെ പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നത്. ദൈവത്വത്തെ കുറിച്ച് ഞാൻ തിരുവചനാടിസ്ഥാനത്തിൽ നടത്തിയ പഠനം വളരെ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. ത്രിത്വം മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ളതും ധാരാളം ഉദാഹരണങ്ങൾ കൊണ്ടുപോലും പൂർണ്ണമായി തെളിയിക്കപ്പെടാൻ കഴിയാത്തതാണെങ്കിൽ പോലും മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള ദൈവീക പദ്ധതിയിൽ ഇത് വളരെ പ്രാധാന്യമർഹിക്കുന്നു. "ത്രിത്വം വിശദീകരിക്കാൻ ശ്രമിച്ചാൽ മനസ്സ് നഷ്ടമായിപ്പോകും … എന്നാൽ ത്രിത്വം നിഷേധിച്ചാൽ ആത്മാവിനായിരിക്കും നഷ്ടം സംഭവിക്കുക" എന്നു ഒരു എഴുത്തുകാരൻ പ്രസ്താവിച്ചിട്ടുണ്ട്.

ഈ വിഷയത്തെക്കുറച്ച് "ബൈബിൾ എന്തു പറയുന്നു" എന്ന് എഫ്.ജി സ്മിത്ത് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കൂ.

> ത്രിത്വം പലർക്കും ഒരു മുഖ്യവിഷയമല്ലായിരിക്കാം. എന്നാൽ വാസ്തവത്തിൽ അതാണ് പ്രധാനപ്പെട്ടതായുള്ളത്. "ദൈവം ജഡത്തിൽ അവതരിച്ചത്" പാപപങ്കിലമായ മനുഷ്യനെ ദൈവത്തിന്റെ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്വർഗ്ഗത്തിലെ ദൈവം തന്റെ രക്ഷാപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.
>
> തിരുവെഴുത്തിൻ പ്രകാരമുള്ള വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ, ദൈവത്വ ത്തെയും അതിന്റെ നിലനിൽപ്പിനെകുറിച്ചെല്ലാം വേണ്ട നിലയിൽ ഉൾക്കൊള്ളുവാനും സംഗ്രഹിക്കുവാനും നമ്മുടെ മനുഷ്യമനസ്സ് അപര്യാപ്തമാണെന്നു വേണം കരുതുവാൻ. ത്രിത്വഉപദേശത്തെ നേരിട്ടു സമീപിക്കുമ്പോൾ അത് ബുദ്ധിപരമായി മനസ്സിലാക്കുവാൻ ശ്രമിക്കുന്നതിനു പകരം ഹൃദയംകൊണ്ട് വിശ്വസിക്കുക എന്നതാണ് കാര്യക്ഷമമായ പോംവഴി. (പേജ്. 45)

ദൈവവചനത്തിലൂടെ എന്റെ വായനക്കാർ എല്ലാവരും ലളിതമായ നിലയിൽ ദൈവത്തിന്റെ പ്രകൃതിയുടെ നിർവ്വചനം ഗ്രഹിക്കേണം എന്നാണ് എന്റെ പ്രാർത്ഥന. നമ്മുടെ ദൈനംദിന ജീവിതത്തിൽ ഏകദൈവത്തിന്റെ മുന്നുവിധ വ്യത്യസ്ത വ്യക്തിത്വങ്ങളുടെ പ്രവർത്തനവും ഇടപെടലുകളും അനുഭവിച്ചറിയുന്നതു തന്നെ ഒരു അനുഗ്രഹം അത്രെ.

**മൈക്കിൾ ഡബ്ല്യു. സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

" അതുകൊണ്ട് കർത്താവായ യഹോവേ, നീ വലിയവൻ ആകുന്നു. നിന്നെപ്പോലെ ഒരുത്തനും ഇല്ല. ഞങ്ങൾ സ്വന്ത ചെവികൊണ്ട് കേട്ടത് ഒക്കെയും ഓർത്താൽ നീ അല്ലാതെ ഒരു ദൈവവും ഇല്ല"

– 2 ശമുവേൽ. 7:22



# ബൈബിൾ പഠനസഹായി

## വിഷയം : ത്രിത്വം

**വായനഭാഗം:** സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്: പിതാവ്, വചനം (യേശുക്രിസ്തു), പരിശുദ്ധാത്മാവ് ഈ മൂന്നിന്റേയും സാക്ഷ്യം ഒന്നുതന്നെ. (1 യോഹ.5:7)

**രത്നചുരുക്കം :** ദൈവം ഏകൻ തന്നെ. നിത്യമായ മൂന്നിന്റേയും നിലനിൽപ്പു നിത്യതതന്നെ.- പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. പ്രസ്തുത മൂന്ന് വ്യക്തിത്വങ്ങളും വ്യക്തിപരമായ വ്യത്യസ്തത പരസ്പരം പുലർത്തുന്നതോടൊപ്പം ഒരേ അന്തസത്തയും പ്രകൃതിയുമാണുള്ളത്.

**നിർവ്വചനം :** ത്രിത്വം എന്നവാക്ക് ഉരുവായിട്ടുള്ളത് 'ട്രൈ' എന്നും "ഐക്യത" എന്നുമുള്ള രണ്ട് വാക്കുകളിൽ നിന്നും ആണ്. മൂന്ന് വിധമുള്ളതെങ്കിലും ഒന്നാണ് എന്ന അർത്ഥ വിശദീകരണമാണിതിനുള്ളത്. ദൈവശാസ്ത്രപരമായി പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവം എന്നെന്നും നിലനിൽക്കുന്ന നിത്യദൈവം എന്നാണ്.

### I ഏക ദൈവം

A. ആവർത്തനം.6: 4 നമ്മുടെ ദൈവമായ കർത്താവ് ഏകൻ തന്നെ. (മർക്കോസ്.12:29)

B. 1 കൊരി. 8 : 4- 6 മറ്റൊരു ദൈവം ഇല്ല ഏകദൈവം എന്നത്രെ.

C. ഗലാത്യർ . 3: 20 ദൈവം ഒരുവൻ

D. 1 തിമൊത്തി . 2: 5 ദൈവം ഏകൻ

### II പിതാവാം ദൈവം

A. 2 പത്രോസ്. 1 : 17 അവൻ പിതാവായ ദൈവത്തിൽ നിന്നും സ്വീകരിച്ചു

B. എഫെസ്യർ .5: 20. ദൈവവും പിതാവായവന് എന്നേക്കും സ്തോത്രം

C. യോഹന്നാൻ. 6: 27 പുത്രനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു.

D. റോമർ. 1:7 പിതാവായ ദൈവത്തിൽ നിന്നും നമുക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ

E . 1 പത്രൊ 1:2 പിതാവായ ദൈവത്തിന്റെ മുൻ അറിവ്

### III പുത്രനാം ദൈവം

A. യോഹന്നാൻ 20: 28 എന്റെ കർത്താവും ദൈവവുമായുള്ളോവേ

B. എബ്രായർ 1 : 8 പുത്രനോടോ അവൻ അരുളിച്ചെയ്യുന്നത് ദൈവമേ നിന്റെ സിംഹാസനം എന്നെന്നേക്കുമുള്ളത്.

C. യോഹന്നാൻ 1: 1, 14 വചനം (യേശു) ദൈവമായിരുന്നു

D. 1 തീമൊ 3: 16 ദൈവം ജഡത്തിൽ വെളിപ്പെട്ടു

E. ഫിലിപ്പ്യർ 2: 5-6ക്രിസ്തു യേശു ദൈവത്തിന്റെ തനിസ്വരൂപം

F. മത്തായി 1: 23 ഇമ്മാനുവേൽ "ദൈവം നമ്മോടു കൂടെ " എന്ന് യേശുവിന് പേരിടണം

G. യെശയ്യ 9: 6 വീരനാം ദൈവം എന്ന് പുത്രനെ വിളിച്ചിരിക്കുന്നു.

H. കൊലൊ 2 : 9 അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്

I. കൊലൊ 1: 15, 16 ക്രിസ്തു ദൈവത്തിന്റെ പ്രതിമ. സർവ്വവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു

### IV പരിശുദ്ധാത്മാവാം ദൈവം

A. ഉല്പത്തി 1: 1,2 പരിശുദ്ധാത്മാവ് സൃഷ്ടാവ്

B. അപ്പൊ. 5:3,4 പരിശുദ്ധാത്മാവിന് നേരേ വ്യാജം പറഞ്ഞത്ദൈവത്തിന് നേരെയുള്ളതായി

C. 1 കൊരി. 3 : 16 ദൈവാത്മാവ് ദൈവാലയ ത്തിൽ വസിക്കുന്നു

D. റോമർ 8 : 14 ദൈവത്തിന്റെ മക്കൾ ദൈവാത്മാവിനാലുള്ളവർ

### V ത്രിത്വം വെളിപ്പെട്ടു

A. മത്തായി 3 : 16, 17 ക്രിസ്തുവിന്റെ സ്നാന സന്ദർഭത്തിൽ പിതാവും, പുത്രനും പരിശുദ്ധാ ത്മാവും ഒരുമിച്ചു വെളിപ്പെട്ടു

B. മത്തായി 28 :19 പിതാവിന്റേയും പുത്രന്റെ യും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവാൻ കല്പിച്ചു

C. ലൂക്കോസ് 1 : 30 -35 ക്രിസ്തുവിലുള്ള മൂന്നുവിധ ദൈവീകവ്യക്തിത്വങ്ങൾ

D. അപ്പൊ 7: 54 -56 സ്തേഫാനോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി പിതാവിന്റെ വലത്തുഭാഗത്ത് യേശു നിൽക്കുന്നതായി കണ്ടു.

E. യോഹന്നാൻ 14 : 26 ദൈവത്തിന്റെ മൂന്നുവിധ പ്രദർശനങ്ങൾ (യോഹ.15:26)

F. 1 കൊരി 12 : 4-6 കർത്താവിന്റെയും ദൈവത്തിന്റെയും ഒരേ ആത്മാവ്

G. 2 കൊരി 13 :14 ദൈവത്തിന്റെ മൂന്ന് വ്യത്യസ്ത പ്രകൃതങ്ങൾ സൂചിപ്പിക്കുന്നു

H. എഫെസ്യർ 4 : 4-6, ഏക ആത്മാവും, പുത്രനും, പിതാവും

### VI ത്രിത്വത്തിലെ ഐക്യത

A. ഉല്പത്തി 1:26-27 ത്രിയേക ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു

B. 1 യോഹന്നാൻ 5 : 7 പിതാവും വചനവും (യേശു) പരിശുദ്ധാത്മാവും ഒന്നാകുന്നു

C. യോഹന്നാൻ 10: 30, 17:11,22 യേശുവും പിതാവും ഒന്നാകുന്നു

D. യോഹന്നാൻ 10 : 38 പിതാവ് പുത്രനിലും പുത്രൻ പിതാവിലും

E. യോഹന്നാൻ 12 : 44 പുത്രനെ വിശ്വസി ക്കുന്നത് പിതാവിനെ വിശ്വസിക്കുന്നത് പോലെയത്രേ


F. യോഹന്നാൻ 14 : 8-11 ക്രിസ്തുവിനെ കണ്ടവൻ പിതാവിനെ കണ്ടവൻ ആകുന്നു

**ഉപസംഹാരം**

അതിന് യേശു എല്ലാറ്റിനും മുഖ്യ കല്പനയോ യിസ്രായേലേ, കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ് - മർക്കോസ്. 12 : 29

# ത്രിയേക ദൈവം

**നിത്യനും, സർവ്വശക്തനും, മാറ്റമില്ലാത്തവനും, നിത്യശക്തനും അഖിലാണ്ഡത്തിന്റെ സൃഷ്ടാവുമായ ജീവിക്കുന്ന ഒരു ദൈവം മാത്രമേ ഉള്ളു എന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. അതുപോലെ പിതാവ് ദൈവമാണ് യേശുക്രിസ്തു ദൈവമാണ്, പരിശുദ്ധുത്മാവും ദൈവമാണ്. ത്രിയേക ദൈവത്തിന്റെ പരസ്പര ബന്ധത്തിന്റെ ദൈവശാസ്ത്ര നിർവ്വചനമാണ് ത്രിത്വം എന്നത്.**




## ത്രിത്വത്തിന്റെ രഹസ്യം

ത്രിത്വം എന്ന പദം ബൈബിളിൽ കാണുന്നില്ലെങ്കിലും അതിനെ പ്രതിനിധീകരിക്കുന്ന ആശയം നിലനില്ക്കുന്നുണ്ട്. മൂന്ന് വ്യക്തികൾ അടങ്ങുന്ന ഏകദൈവം തുല്യരായി നിലനില്ക്കുന്നവരും, നിതൃത ശക്തി സമത്വം എന്നിവയുള്ളവരും ലക്ഷ്യം കാലം സ്വഭാവം എന്നിവയിൽ ഒരാത്മാവും മനസ്സുകൊണ്ടും പ്രവർത്തിയിലും വ്യക്തിത്വത്തിലും മൂന്നായി നിലനില്ക്കുകയും ചെയ്യുന്നു.

ത്രിത്വത്തിന്റെ ആശയം ഏറെക്കുറെ നിഗൂഢമായ ഒരു തത്വവും പൂർണ്ണമായി വിശകലനം ചെയ്തു മനസ്സിലാക്കു വാൻ കഴിയാത്തതുമാണ്. ദൈവം, മനുഷ്യനെക്കാൾ അനന്തമായി വാഴുന്നവനാകയാൽ ബുദ്ധികൊണ്ട് മാത്രം ദൈവത്തിന്റെ സമ്പൂർണ്ണതയും ആഴവും അളക്കുവാൻ കഴിയുന്നതു മല്ല. അതേസമയം രക്ഷയുടെയും ആത്മാവിന്റെ സംരക്ഷണത്തിലും ത്രിയേകദൈവത്തിൽ ആശ്രയിക്കുന്ന തുപോലെ ഈ വിഷയത്തിലും ബൈബിൾ സത്യങ്ങളുടെ യാഥാർ ത്ഥ്യം നാം മനസ്സിലാക്കണം.

## ദൈവം ഏകൻ ആകുന്നു.

യേശുവിനോട് മുഖ്യകല്പന ഏത് എന്നു ചോദിച്ചപ്പോൾ, "യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ് ആകുന്നു എന്ന് മറുപടി പറഞ്ഞു (മർക്കാസ് 12:29). അക്ഷരീകമായി "യഹോവയായ നമ്മുടെ ദൈവം ഏക യഹോവ ആകുന്നു". മറ്റ് ജാതികൾ അന്യദൈവങ്ങളെ ആരാധിച്ചപ്പോൾ യഹൂദ ന്മാരുടെ ദൈവം ഏകൻ ആയിരുന്നു. ആവർത്തന പുസ്തകം 6:4ൽ നിന്ന് ഉദ്ധരിച്ചാണ് ഈ സത്യം യേശു, വീണ്ടും വ്യക്തമാക്കുന്നത്. പഴയ നിയമത്തിലെ ഏകനായ അതേ ദൈവമാണ് പുതിയ നിയമത്തിലും ഉള്ളത്. ബൈബിളിന്റെ അടിസ്ഥാന സത്യം ദൈവശാസ്ത്രപരമായി ഏക സത്യദൈവത്തെ ഒരിക്കലും മൂന്ന് ദൈവങ്ങളായോ ത്രിമൂർത്തികളായോ മാറ്റുന്നില്ല. 1 കൊരിന്ത്യർ 8:4ൽ പൗലൊസ്, വ്യക്തമാക്കുന്നത് "ഏക ദൈവം അല്ലാതെ ദൈവമില്ല" എന്നാണ്. ഗലാത്യർ 3:20ലും ഈ സത്യം വീണ്ടും ഉറപ്പിച്ചിരിക്കുന്നു. "ദൈവം ഒരുവൻ മാത്രം", "ദൈവം ഒരുവനല്ലോ"എന്ന് 1 തിമൊഥെയൊസ് 2:5 ലും പറയുന്നു. ദൈവം ഒരുവൻ മാത്രം.

## ദൈവം ത്രിയേകനാണ്

ഏകദൈവം എന്നത് ത്രിയേക ദൈവമാണ്. അത് പിതാവായ ദൈവവും, പുത്രനായ ദൈവവും, പരിശുദ്ധാത്മാവായ ദൈവവും ആകുന്നു. "സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്; പിതാവ്, പുത്രൻ



"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂവരും ഏകദൈവമായ സംയോജിച്ചിരിക്കുന്നു. അതു ദൈവത്തിലെ വിവിധ ഭാഗങ്ങൾക്കുള്ള പേരുകൾ അല്ല, അവർ ഏക ദൈവമാണ്."

(word) ആത്മാവ്, ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നെ. (1 യോഹ ന്നാൻ 5:7 – K.J.V). ഈ വചനം ദൈവീക ത്രിത്വത്തെയും ഏകത്വത്തെയും വളരെ കൃത്യമായി വ്യക്തമാക്കുന്നു. ത്രിത്വത്തിലെ ഓരോ വ്യക്തിയും ദൈവമായി തിരുവചനത്തിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ അവർ മൂന്ന് ദൈവങ്ങൾ അല്ല. അതേസമയം ത്രിത്വത്തിലെ ഓരോ വ്യക്തിയും വ്യത്യസ്തരായി പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## പിതാവായ ദൈവം

അനേകം വാക്യങ്ങളിൽ പിതാവായ ദൈവത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. യോഹന്നാൻ 6:27ൽ പിതാവായ ദൈവ ത്തെക്കുറിച്ച് യേശു, പറഞ്ഞിരിക്കുന്നു. പൗലൊസ്, റോമർക്കു എഴുതിയ ലേഖനത്തിൽ "നമ്മുടെ പിതാവായ ദൈവത്തിങ്കിൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തു വിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ" എന്നു പറഞ്ഞിരിക്കുന്നു. 2 പത്രോസ് 1:17ൽ ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നുള്ള ശബ്ദം അതിശ്രേഷ്ഠ തേജസ്സിൽ നിന്നും വന്നപ്പോൾ പിതാവായ ദൈവത്താൽ അവനു മാനവും തേജസ്സും ലഭിച്ചു എന്ന് പത്രോസും, രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ "പിതാവായ ദൈവത്തിന്റെ മുന്നറിവിനു ഒത്തവണ്ണം" എന്നും അവൻ രേഖപ്പെടുത്തിയിരിക്കുന്നു (1 പത്രോസ് 1:2). യേശുവും അപ്പൊസ്തലന്മാരും പറഞ്ഞ പിതാവായ ദൈവം വ്യക്തമായ ഒരു ദൈവീക വ്യക്തിത്വമാണ്.

## പുത്രനായ ദൈവം

പുതിയ നിയമത്തിലും പഴയ നിയമത്തിലും പലതവണ യേശുക്രിസ്തുവിനെ ദൈവമായി പറഞ്ഞിട്ടുണ്ട്. പലരും ക്രിസ്തുവിന്റെ ദൈവീകത്വത്തെ നിഷേധിക്കുകയോ അഥവാ പിതാവ് എന്ന് പഠിപ്പിക്കുകയോ ചെയ്യുമ്പോൾ വചനം പറയുന്നത് പുത്രൻ, ദൈവീക സത്തയിൽ വ്യത്യസ്ഥനാണ് എന്നത്രേ. യെശയ്യാവിന്റെ പ്രവചനത്തിൽ രേഖപ്പെടു ത്തിയിരിക്കുന്നത് "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതം, മന്ത്രി, വീരനാം ദൈവം, നിത്യപിതാവ് സമാധാന പ്രഭു എന്ന് പേർ വിളിക്കപ്പെടും'" (യെശയ്യാവ് 9:6) ദൈവത്തിന്റെ ദൂതൻ യോസേഫിന് പ്രത്യക്ഷനായി "നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊള്ളുവാൻ ശങ്കിക്കേണ്ട എന്നും, അവൾ പ്രസവിക്കുന്ന മകനു ദൈവം നമ്മോടുകൂടെ എന്ന അർത്ഥ മുള്ള ഇമ്മാനുവേൽ എന്നു പേർ വിളി ക്കണം" എന്നും പറഞ്ഞു. (മത്തായി 1:23). വളരെ മനോഹരമായി യോഹന്നാൻ 1:1, 14 എന്നീ വാക്യങ്ങളിൽ "ആദിയിൽ വചനം ഉണ്ടായിരുന്നു വചനം (യേശു) ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു, അവൻ ദൈവത്തോടുകൂടെ ആയിരുന്നു. വചനം (യേശു) ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവ നായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു എന്ന് പറഞ്ഞിരിക്കുന്നു. അവന് പൂർവ്വ നിത്യത മുതൽ ഉണ്ടായിരുന്നു. "ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേയ്ക്കു മുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ" എന്ന് പുത്രനോടും പറഞ്ഞിരിക്കുന്നു (എബ്രായർ 1:8) അവൻ സർവ്വത്തിനും മീതെ ദൈവമായി പിതാവിൽ നിന്ന് അയയ്ക്കപ്പെട്ടവൻ ആകുന്നു (റോമർ 9:5) അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവശക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു (1 തിമൊഥെയോസ് 3:16) ക്രൂശീകരണത്തിനുശേഷം ഉയർത്തെഴുന്നേറ്റ യേശുവിനെ കണ്ട് "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ" എന്ന് തോമസ്സും പറഞ്ഞു (യോഹന്നാൻ 20:28) യേശു, ദൈവ രൂപത്തിൽ ഇരിക്കേ ദൈവത്തോട് സമത്വവും (ഫിലിപ്പിയർ 2:5–6) ദൈവത്തിന്റെ സമ്പൂർണ്ണത അവനിൽ ദേഹരൂപമായി വസിക്കുന്നു (കൊലോസ്സ്യർ 2:9) എന്നു പ്രസ്താവിച്ചിരിക്കുന്നതിനാൽ സംശയത്തിന് ഇടമില്ലാതെ യേശു, ദൈവം എന്നു തെളിയിക്കുവാൻ ധാരാളം തെളിവുകൾ ബൈബിളിൽ ഉണ്ട്.

## പരിശുദ്ധാത്മാവായ ദൈവം

ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തി പരിശുദ്ധാത്മാവാണ്. ആരംഭം മുതൽ തന്നെ പരിശുദ്ധാത്മാവ് സൃഷ്ടാവായി ഉണ്ടായിരുന്നു. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു..... ദൈവത്തിന്റെ ആത്മാവ്

വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" (ഉല്പത്തി 1:1-3). അപ്പൊ. പ്രവർത്തികൾ 5:3-4ൽ പരിശുദ്ധാത്മാവിനെ ദൈവമായി വെളിപ്പെടുത്തിയിരിക്കുന്നു." അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും, നിലത്തിന്റെ വിലയിൽ കുറെ എടുത്തു വയ്പാനും, സാത്താൻ നിന്റെ ഹൃദയത്തെ കൈവശമാക്കിയത് എന്ത്? ...... മനുഷ്യരോടല്ല ദൈവത്തോടത്രേ നീ വ്യാജം കാണിച്ചത്. പരിശുദ്ധാവിനോടുള്ള വ്യാജം ദൈവത്തോടത്രേ. പരിശുദ്ധാത്മാവ് ദൈവം എന്നു തെളിയിക്കുന്ന മറ്റൊരു വാക്യം 1 കൊരിന്ത്യർ 3:16 ആണ്. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? ദൈവാലയത്തിൽ അഥവാ ദൈവത്തിന്റെ വാസസ്ഥലത്തിൽ ദൈവം അല്ലാതെ ആരാണ് വസിക്കുക? പരിശുദ്ധാത്മാവാകുന്ന ദൈവമാണ് ഭൗമിക ദൈവാലയമാകുന്ന ശരീരത്തിൽ വസിക്കുന്നതു. പരിശുദ്ധാത്മാവ്, ദൈവം എന്ന നിലയിൽ പ്രത്യേകമായ വരങ്ങളും അവകാശ ങ്ങളും വിശുദ്ധന്മാർക്കു നൽകുന്നു. (അപ്പോ. പ്രവർത്തികൾ 13:2). "ആത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു". എന്നു റോമർ 8:14 ൽ പറയുമ്പോൾ പരിശുദ്ധാത്മാവിന്റെ ദൈവീകത്വം വീണ്ടും തെളിയിക്കപ്പെടുന്നു.

## ഒന്നായിരിക്കുന്ന മൂവർ

പിതാവും, പുത്രനും, പരിശുദ്ധാത്മാവും ആയ മൂന്ന് വ്യക്തികൾ ഐക്യതയോടെ ഏകദൈവമായി വാഴുന്നു. അവർ ദൈവത്തിന്റെ വിവിധ ഭാഗങ്ങൾക്കുള്ള നാമങ്ങൾ അല്ല, അവർ ഏകദൈവമാണ്. അവരുടെ സ്വതന്ത്രമായ വ്യക്തിത്വങ്ങളെ വിവിധ വചനഭാഗങ്ങൾ തെളിയിക്കുന്നുണ്ട്. ലൂക്കോസ് 1:30-35 ൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് ദൂതൻ മറിയക്കു പ്രത്യക്ഷനായി പറയുന്ന സന്ദേശത്തിൽ ത്രിത്വത്തിന്റെ സവിശേഷത വ്യക്തമാക്കുന്നുണ്ട്. പിതാവായ ദൈവത്തിന്റെ നിഴൽ മറിയയുടെ മേൽ വന്ന് പരിശുദ്ധാത്മാവിനാൽ അവൾ ഗർഭസ്ഥയായി. ദൈവം ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും  എന്നും അതിന് അവസാനം ഉണ്ടാകുകയില്ല എന്നും പ്രവചിക്കപ്പെട്ടിരുന്നു.

## യേശുവിന്റെ സ്നാനത്തിങ്കൽ വെളിപ്പെട്ടു

മത്തായി 3 :16 -17 ൽ യേശുവിന്റെ സ്നാനം വിവരിക്കുമ്പോൾ ദൈവത്തിലെ ഈ മൂന്നു വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യം അവിടെ കാണുന്നുണ്ട്. പരിശുദ്ധാത്മാവ് പ്രാവ് എന്ന പോലെ യേശുവിന്റെ മേൽ ഇറങ്ങുകയും പിതാവിന്റെ ശബ്ദം സ്വർഗ്ഗത്തിൽ നിന്നു കേൾക്കുകയും ചെയ്തു. വ്യക്തമായും അവർ വ്യത്യസ്ഥരായ വ്യക്തികൾ ആയിരിക്കുന്നതിനാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാകുന്നു എന്ന് പഠിപ്പിക്കുന്നതും തെറ്റാണ്. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കണം" എന്ന് യേശു, ശിഷ്യന്മാരെ പഠിപ്പിച്ചു. (മത്തായി 28:19). ഇതു ദൈവത്തിലെ എല്ലാ വ്യക്തിത്വങ്ങളും ഉൾക്കൊള്ളുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ച് യേശു പറയുമ്പോൾ ത്രിത്വത്തിലെ ഈ മൂന്ന് വ്യക്തിത്വങ്ങളും വ്യത്യസ്തരായി പറഞ്ഞിരിക്കുന്നു. പിതാവ്, എന്റെ (യേശു) നാമത്തിൽ അയയ്ക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹന്നാർ 14 :26).

## സ്തെഫാനോസിനെ കല്ലെറിയുമ്പോൾ വെളിപ്പെട്ടു.

സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുമ്പോൾ ദൈവം വെളിപ്പെട്ടതിനെക്കുറിച്ച് അപ്പൊപ്രവർത്തികൾ 7: 54-56 ൽ പറയുന്നത് അവൻ പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് നോക്കി ദൈവമഹത്വവും ദൈവത്തിന്റെ (പിതാവ്) വലതുഭാഗത്തു യേശു, നിൽക്കുന്നതും കണ്ടു എന്നാണ്. വിവിധ കൃപാവരങ്ങളെക്കുറിച്ച് ബൈബിൾ പറയുമ്പോൾ, എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, ദൈവം ഒരുവൻ എന്ന് രേഖപ്പെടുത്തിയിരി ക്കുന്നു. (1 കൊരിന്ത്യർ 12: 4-6). എഫേസ്യർ 4:4-6 പഠിപ്പിക്കുന്നത് ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, ദൈവവും പിതാവുമായവൻ ഒരുവൻ എന്നാണ്. മൂന്ന് വ്യക്തിത്വങ്ങൾ ഉൾക്കൊള്ളുന്ന ക്രിയേക ദൈവം വിശുദ്ധരേഖകളിൽ വെളിപ്പെടുത്തിയിരിക്കുന്നു.

## ത്രിത്വത്തിലെ ഏകത്വം

ദൈവം ഒന്നായിരിക്കുമ്പോൾ ത്രിത്വം മൂന്നു വ്യക്തികൾ ആകുന്നു. ഇവരിൽ ആരെങ്കിലും ഒരാൾ ഇല്ലാതെ വന്നാൽ പിന്നെ ദൈവം ഇല്ല. അവരെ വേർപിരിക്കുവാൻ കഴിയാത്തതു ഒരു ദൈവീക രഹസ്യവും വിരോധാഭാസവുമാണ്. ത്രിത്വത്തിലെ ഏകത്വം ഉൽപ്പത്തി 1:26 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. "അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിലും നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക." ഇവിടെ നാം, നമ്മുടെ എന്നീ വാക്കുകൾ ബഹുവചനരൂപം ആയതിനാൽ അതു പിതാവും പുത്രനും പരിശുദ്ധാത്മാവും ആകുന്നു എന്ന് മനസ്സിലാക്കാം. ഉല്പത്തി 1: 27 ൽ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവനെ സൃഷ്ടിച്ചു എന്നു പറയുന്ന വാക്യത്തിൽ ദൈവത്തെ ഏകവചനത്തിലും കാണുന്നു. പിതാവിൽ താൻ അടങ്ങിയിരിക്കുന്നതും ഒന്നായിരിക്കുന്നതും യേശു പല സന്ദർഭങ്ങളിൽ പറഞ്ഞിട്ടുണ്ട്. " ഞാനും പിതാവും ഒന്നാകുന്നു" (യോഹന്നാൻ 10 : 30). " പിതാവ് എന്നിലും ഞാൻ പിതാവിലും" (യോഹന്നാൻ 10:38). ശിഷ്യന്മാർ ഒന്നായിത്തീരുവാൻ യേശു പ്രാർത്ഥിച്ചപ്പോൾ "അവർ നമ്മെപോലെ ഒന്നാകേണ്ടതിന് " പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ" (യോഹന്നാൻ 17 :11, 22 ) എന്നാണ് പ്രാർത്ഥിച്ചതു. യോഹന്നാൻ 12 :44 യേശു,  പറഞ്ഞു എന്നിൽ വിശ്വസിക്കുന്നവൻ എന്നിലില്ല എന്നെ അയച്ചവനിൽ (പിതാവ്) വിശ്വസിക്കുന്നു. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ (പിതാവ്) കാണുന്നു എന്നും വായിക്കുന്നു. ഫിലിപ്പോസ്, യേശുവിനോട് കർത്താവെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണം ; എന്നാൽ ഞങ്ങൾക്കു മതി എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞത്: "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണം എന്നു നീ പറയുന്നതു എങ്ങനെ ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ ? (യോഹന്നാൻ 14 :8-11).



**"ദൈവം ഒന്നായിരിക്കുമ്പോൾ ത്രിത്വം മൂന്നു വ്യക്തികൾ ആകുന്നു. അവരിൽ ആരെങ്കിലും ഒരാൾ ഇല്ലാതെ വന്നാൽ പിന്നെ ദൈവം ഇല്ല."**


### ദൈവവചനത്തിന്റെ വ്യക്തമായ ഉപദേശം

ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമാണെങ്കിലും ദൈവത്തെയും ത്രിത്വത്തെയും വളരെ വ്യക്തമായി ദൈവവചനത്തിൽ അവതരിപ്പിച്ചിരിക്കുന്നു. തിരുവചനത്തിൽ അവ്യക്തതയുള്ള കാര്യങ്ങൾ താരതമ്യേന പ്രാധാന്യം ഇല്ലാത്തതും, വചനം അനുവദിക്കാത്ത സംവാദങ്ങളാൽ വിപരീത ഫലങ്ങൾ സൃഷ്ടിക്കുവാനുള്ളതല്ല. ആരെങ്കിലും ത്രിത്വത്തിന്റെ തത്വം നിക്ഷേധിച്ചാൽ, അവർ പുത്രന്റെ ദൈവീകത്വത്തെയോ പരിശുദ്ധാത്മാവിന്റെ ശക്തിയോ പ്രവർത്തിയോ നിഷേധിക്കുന്നവർ ആയിരിക്കും. ഒരു ദൈവം മാത്രമേ ഉള്ളു. എന്നാൽ പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം എന്നീ മൂന്ന് വ്യക്തിത്വങ്ങളും ഉണ്ട്. ഇവർ മൂന്നും നിത്യമായി നിലനിൽക്കുന്ന ഏക ദൈവവുമാണ്. ക്രിസ്ത്യാനികൾ അവർക്കു ലഭിച്ചതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ വലിയ കാര്യങ്ങളെ ഓർത്തു ഈ ദൈവത്തിൽ സന്തോഷിക്കുകയും ആരാധിക്കുകയും ചെയ്യണം.

“ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ ; അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.... സകലവും അവനിൽ നിന്നും അവനാലും അവങ്കലേയ്ക്കും ആകുന്നുവല്ലോ; അവന് എന്നേക്കും മഹത്വം ആമേൻ” (റോമർ 11: 33,36)

- MWS

# ത്രിത്വത്തിലെ വ്യക്തിപരമായ കർത്തവ്യങ്ങൾ



**“പിതാവ് ഒരു പദ്ധതി ആവിഷ്കരിക്കുന്നു, യേശുക്രിസ്തു അതു നടപ്പാക്കുന്നു, പരിശുദ്ധാത്മാവ് അതു പരിപാലിക്കുന്നു”.**

പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവം എന്ന നിലയിൽ ഐക്യതയോടെ ഒരുമിച്ച് പ്രപഞ്ചത്തിലും മനുഷ്യരുടെ ജീവിതത്തിലും പ്രവർത്തിക്കുന്നു. ദൈവമായ ത്രിത്വത്തിലെ ഓരോ അംഗങ്ങൾക്കും പൊതുവായ ലക്ഷ്യങ്ങൾ ഉള്ളപ്പോൾ തന്നെ വ്യക്തിപരമായ സവിശേഷതകളും കർത്തവ്യങ്ങളും നിസ്തുല്യമായ ഉത്തരവാദിത്വങ്ങളും ഓരോ അംഗങ്ങൾക്കും ഉണ്ട്.

ഒരു എഴുത്തുകാരൻ ത്രിത്വത്തിലെ ഉത്തരവാദിത്വങ്ങൾ സംഗ്രഹിച്ചിരിക്കുന്നത് : “പിതാവ് ഒരു പദ്ധതി ആവിഷ്കരിക്കുന്നു, യേശുക്രിസ്തു അതു നടപ്പാക്കുന്നു, പരിശുദ്ധാത്മാവ് അതു പരിപാലിക്കുന്നു” എന്നാണ്.

പിതാവായ ദൈവം സ്നേഹമാണ്. രക്ഷയുടെ ആവിഷ്ക്കാരവും ഉറവിടവും പിതാവാണ്. തന്റെ ഹിതം നിറവേറ്റുവാൻ മാനവരാശിയുടെ വീണ്ടെടുപ്പിന് പുത്രനെ അയച്ചതു പിതാവാണ്.

പിതാവിനോടുള്ള അനുസരണത്തിൽ യേശു, ജഡാവതാരമെടുത്തു ക്രൂശിൽ ചിന്തിയ തന്റെ രക്തത്താൽ ലോകത്തെ പാപത്തിൽ നിന്നും രക്ഷിക്കുവാൻ മരിച്ചു. പിതാവായ ദൈവത്തിൽ നിന്ന് പാപത്താൽ മനുഷ്യനുണ്ടായ വിടവ് നികത്തുവാൻ യേശു, മദ്ധ്യസ്ഥനും മഹാപുരോഹിതനുമായി. അവിടുന്നു ലോകത്തിന്റെ രക്ഷകനും സഭയുടെ തലയുമാണ്.

പിതാവിനാൽ അയയ്ക്കപ്പെട്ട പരിശുദ്ധാത്മാവ് മാനസാന്തരവും, ആശ്വാസവും, ഉപദേശവും നൽകി നമ്മെ നടത്തുന്നു. ആത്മാവ് ദൈവജനത്തെ വിശുദ്ധീകരിച്ച് അവരുടെ ഹൃദയത്തിൽ വസിക്കുന്നു. പിതാവിന്റെ ഇഷ്ടം ചെയ്തു ജീവിക്കുവാൻ പരിശുദ്ധാത്മാവ് ശക്തിയും സഹായവും നൽകുന്നു.

“കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ ആമേൻ”
– 2 കൊരിന്ത്യർ 13:14

# ദൈവത്തിന്റെ ഗുണവിശേഷങ്ങൾ

**"ആദിയിൽ ദൈവം" എന്ന തുടക്കത്തോടെയാണ് ബൈബിളിന്റെ ആദ്യ അദ്ധ്യായം ദൈവത്തിനു നമ്മോട് പങ്കുവയ്ക്കുവാനുള്ള തന്റെ സ്വഭാവവും സവിശേഷതകളുമാണ് വചനം വെളിപ്പെടുത്തുന്നത്. അവിടുത്തെ പദ്ധതികളും ഹിതവും ന്യായവിധികളും നമുക്ക് വ്യക്തതയും ലക്ഷ്യവും നൽകുന്നു. ദൈവത്തിന്റെ സവിശേഷതകളെ കുറിച്ച് നാം കൂടുതൽ ഗ്രഹിക്കുമ്പോൾ ജീവിതം കൂടുതൽ സമ്പുഷ്ടവും പൂർണ്ണവും ആകുന്നു.**

## ദൈവം ആകുന്നു...

### അഭൗതികം

ദൈവം അടിസ്ഥാനപരമായി ദ്രവ്യം ഉൾക്കൊള്ളുന്നില്ല.

"ദൈവം ആത്മാവ് ആകുന്നു"–യോഹ 4:24

### സ്വയംഭൂ

ദൈവം സൃഷ്ടിക്കപ്പെടാത്തതും നാശം ഇല്ലാത്തതുമാകുന്നു. അവിടുന്നാണ് സനാതനമായ സത്യം.

"ദൈവം മോശയോട് : ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" – പുറപ്പാട് 3 : 14

### സർവ്വസമ്പൂർണ്ണൻ

പുറത്തു നിന്ന് ദൈവത്തിനു യാതൊന്നിന്റെയും ആവശ്യം ഇല്ല. "പിതാവിനു തന്നിൽ തന്നെ ജീവൻ ഉള്ളതു പോലെ"– യോഹന്നാൻ 5 :26

### നിത്യൻ

ദൈവത്തിന് ആരംഭവും അവസാനവും ഇല്ല. ദൈവം അനശ്വരനും അനാദിയായവനും ആകുന്നു.

"നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനു മുമ്പേ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു – സങ്കീർത്തനങ്ങൾ 90 : 2

### അനന്തൻ

ദൈവത്തെ അളക്കുവാനോ, അതിരുകളിടുവാനോ, പരിമിതികൾ നിശ്ചയിക്കുവാനോ കഴിയുന്നതല്ല

"നമ്മുടെ കർത്താവ് വലിയവനും ശക്തിയേറിയവനും ആകുന്നു, അവന്റെ വിവേകത്തിനു അന്തമില്ല" – സങ്കീർത്തനങ്ങൾ 147 :5

### ത്രിയേകത്വം

മാനവരാശിക്ക് ദൈവം വെളിപ്പെട്ടതു പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തിത്വങ്ങളായിട്ടാണ്.

"സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട് : പിതാവ്, പുത്രൻ (word), ആത്മാവ്" – 1 യോഹ 5 :7

### ഏകൻ

വിഭജിക്കുവാൻ കഴിയാത്ത വിധം ദൈവം ഏകൻ ആകുന്നു. ജീവിക്കുന്ന സത്യദൈവം ഒരുവൻ മാത്രം

"നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്" –മർക്കോസ് 12 :29

### പരമാധികാരം

ദൈവം സകലത്തിന്മേലും അധികാരവും ഭരണവും നടത്തുന്നു. "യഹോവ മഹാദൈവമല്ലോ ; അവൻ സകല ദേവന്മാർക്കും മീതെ മഹാരാജാവു തന്നെ " – സങ്കീർത്തനങ്ങൾ 95 :3

### തീഷ്ണവാൻ

ആരാധനയും ശുശ്രൂഷയും ദൈവത്തിനു മാത്രം ഉള്ളതാണ്. "യഹോവയുടെ നാമം തീഷ്ണവാൻ എന്നാകുന്നു ; അവൻ തീഷ്ണതയുള്ള ദൈവം തന്നെ"– പുറപ്പാട് 34 :14

### മാറ്റമില്ലാത്തവൻ

ദൈവം മാറ്റമില്ലാത്തവനും, വിശ്വാസയോഗ്യനും വിശ്വസ്തനുമാണ്

"യഹോവയായ ഞാൻ മാറാത്തവൻ" – മലാഖി 3 : 6

### സർവ്വവ്യാപി

ദൈവം എപ്പോഴും എല്ലായിടത്തും ഉണ്ട്.

"ഞാൻ കാണാത്തവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിക്കുവാൻ കഴിയുമോ? എന്ന് യഹോവയുടെ അരുളപ്പാട്. ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ? എന്ന് യഹോവയുടെ അരുളപ്പാട്" –യിരെ. 23 :24

## സർവ്വശക്തൻ

ദൈവം സകലഅധികാരവും ശക്തിയും ഉള്ളവൻ.

“സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടി രിക്കുന്നു. ”-മത്തായി 28 : 18

## സർവ്വജ്ഞാനി

ദൈവം എല്ലാം അറിയുന്നവനും ജ്ഞാന ത്തിൽ സമ്പൂർണ്ണനുമാണ്. ഭൂതം, വർത്ത മാനം, ഭാവി എല്ലാം ദൈവം അറിയുന്നു.

“ അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല ; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു - എബ്രായർ 4 : 13

## ജ്ഞാനി

എല്ലാ സാഹചര്യങ്ങളിലും ഏറ്റവും നല്ലതിനെ തിരിച്ചറിയുവാനും ഗ്രഹിക്കുവാനും ദൈവജ്ഞാനത്തിനു മാത്രമേ കഴിയൂ.

“ജ്ഞാനവും ബലവും അവനുള്ളതല്ലോ” - ദാനിയേൽ 2 :20

## സ്നേഹം

മനുഷ്യകുലത്തിന്റെ അടിസ്ഥാന സുഖസൗകര്യങ്ങൾ ദൈവത്തിൽ ഉണ്ട്. ദൈവത്തിന്റെ സവിശേഷതയായി നിർവ്വചിച്ചിരിക്കുന്നത് സ്നേഹമാണ്. അതു ഒരു വികാരം എന്നതിനെക്കാൾ ഉപരി പ്രവർത്തിയാണ്.

“ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു ; ദൈവം അവനിലും വസിക്കുന്നു.” 1 യോഹ. 4:16

## വിശുദ്ധി

ദൈവം നീതിമാനും വിശുദ്ധിയിൽ പൂർണ്ണനും ആകുന്നു. എല്ലാവിധ ദോഷവും, പാപവും, അശുദ്ധിയും ദൈവത്തിൽ നിന്ന് വേർപ്പെട്ടിരിക്കുന്നു.

“ഞാൻ വിശുദ്ധനായിരിക്കുകയാൽ നിങ്ങളും വിശുദ്ധരായിരിക്കുവിൻ”- 1 പത്രോസ് 1 :16

## നീതി

ദൈവം ധാർമ്മികമായി ശരിയായ നീതിയും ന്യായവും നടപ്പാക്കുന്നു.

“നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനം ആകുന്നു”
- സങ്കീർത്തനങ്ങൾ 89 :14

## ദയ

ദൈവം കരുണയും ദയയും അനുകമ്പയും അനുഗ്രഹവും നിറഞ്ഞവനാണ്

“ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേയ്ക്കു നടത്തുന്നു”
- റോമർ 2: 4

## വിശ്വസ്തൻ

ദൈവം നേരുള്ളവനും, വിശ്വസ്തനും, സത്യവാനും വ്യാജമില്ലാത്തവനും ആകുന്നു.

“ആകയാൽ നിന്റെ ദൈവമായ യഹോവതന്നെ ദൈവം ; അവൻ തന്നെ സത്യ ദൈവം എന്നു നീ അറിയണം
- ആവർത്തനം 7 :9

## കാരുണ്യവാൻ

ദൈവം ക്ഷമിക്കുന്നവനും, മനസ്സലിവും ദയയുമുളളവൻ.

“യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു, ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ
- സങ്കീർത്തനങ്ങൾ 103 :8

## ആർദ്രവാൻ

ദൈവം ഔദാര്യവാനും അർഹിക്കാത്ത നന്മകളുടെ ദാതാവും ആകുന്നു

“സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ”-തീത്തോസ് 2:11

## സാദൃശ്യമില്ലാത്തവൻ

ദൈവത്തിനു തുല്യമായി മറ്റൊന്ന് ഇല്ല. അവിടുന്ന് സാമ്യപ്പെടുത്തുവാൻ കഴിയാത്തവിധം പൂർണ്ണനാണ്.

“നിങ്ങൾ എന്നെ ആരോട് സാദൃശ്യമാക്കും ? ഞാൻ ആരോട് തുല്യനാകും എന്നു പരിശുദ്ധനായവൻ അരുളിചെയ്യുന്നു”
-യെശയ്യാവ് 40 :25

**ചോദ്യവും ഉത്തരവും**

### ത്രിത്വം ഏതെല്ലാം ഉദാഹരണങ്ങളോടെ ചിത്രീകരിക്കാം?

ത്രിത്വം എന്ന വിഷയം വിവരിക്കുവാൻ പലവിധ ഉദാഹരണങ്ങൾ ഉപയോഗിക്കാറുണ്ട്. എന്നാൽ മിക്ക ഉദാഹരണങ്ങളും അവ്യക്തവും അപര്യാപ്തവുമാണ്. പ്രസ്തുത വസ്തുത അനുചിതമായി ചിത്രീകരിക്കുന്നത് അപകടകരവും ദുരുപദേശത്തെ സാധൂകരിക്കുന്നവയുമാണ്.

ത്രിത്വത്തെ ചിത്രീകരിക്കുവാൻ സാധാരണയായി ഉപയോഗിക്കുന്ന ദൃഷ്ടാന്തമാണ് മുട്ട. മുട്ടയിൽ മുട്ടത്തോട്, വെള്ളക്കരു, മഞ്ഞക്കരു എന്നീ ഭാഗങ്ങൾ ചേർന്നതാണ്. മൂന്ന് ഭാഗങ്ങളും ചേർന്ന് ഒരു ഏകീകൃത മുട്ടയെ സൃഷ്ടിക്കുന്നു. ത്രിത്വത്തിൽ നിന്നും വ്യത്യസ്തമായി മഞ്ഞക്കരു മാത്രമായി ഒരു മുട്ടയെന്ന് വിശേഷിപ്പിക്കാൻ കഴിയില്ല. ക്രിസ്തുമാത്രമായും പൂർണ്ണ ദൈവമാണ് എന്നാൽ ദൈവം പിതാവും, പുത്രനും, പരിശുദ്ധാത്മാവുമാണ്. മുട്ടയുടെ മൂന്നു ഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി അവർ സമതത്വവും സമഭാവവും ഉള്ളവരാണ് എന്നതാണ് പ്രത്യേകത. അതുപോലെ ആപ്പിളിന്റെ പുറംതോലും, മാംസളഭാഗവും അതിന്റെ വിത്തും ത്രിത്വത്തിന്റെ മൂന്നുഘടകങ്ങളായി ഉപമിക്കാറുണ്ട്. ഇത്തരത്തിലുള്ള സാദൃശ്യപ്പെടുത്തലുകളിലും മുട്ടയെപ്പോലെ മൂന്നുഭാഗങ്ങളിലും ത്രിത്വത്തിൽ അവർ ഓരോരുത്തരും ദൈവമായി നിലകൊള്ളുന്നു എന്നതാണ് വസ്തുത

ഖരം, ദ്രാവകം, വാതകം, എന്നീ നിലയിലുള്ള വെള്ളത്തിന്റെ മൂന്നു അവസ്ഥകളെ ത്രിത്വവുമായി ബന്ധിപ്പിച്ച് സർവ്വസാധാരണയായി പറയാറുണ്ട്. ഐസ്, ജലം, നിരാവി എന്നിവയുടെ രാസഘടന ഒന്നാണ് അവ മൂന്ന് വ്യത്യസ്ത അവസ്ഥകളിൽ നിലകൊള്ളുന്നു. വെള്ളം സാധാരണയായി ഒരു സമയത്ത് ഒരവസ്ഥയിൽ നിലനിൽക്കുന്നു. അതേസമയം ത്രിത്വം അതിന്റെ പൂർണ്ണതയിൽ എല്ലായ്പ്പോഴും നിലനിൽക്കുന്നു. ജലത്തിന് ഖരാവസ്ഥയിൽ മാറ്റപ്പെടാം എന്നാൽ ത്രിത്വത്തിൽ പുത്രൻ ഒരിക്കലും പിതാവായി തീരുന്നില്ല, മറ്റുള്ളവരും.

ഭർത്താവ്, മകൻ, പിതാവ് എന്നീ നിലയിൽ ത്രിത്വം തെളിയിക്കുവാൻ ചിലർ ബദ്ധപ്പെടാറുണ്ട്. ഒരേ വ്യക്തി തന്നെ പിതാവാണ് അതേസമയം മറ്റൊരു വ്യക്തിയുടെ മകനും. വേറൊരു വ്യക്തിയുടെ ഭർത്താവുമാണ്. മൂന്നു വ്യത്യസ്തനിലയിലുള്ള വ്യക്തിത്വങ്ങളാണെങ്കിലും മകനും ഒരാൾ തന്നെ. ഇത്തരത്തിൽ ശരിയായി പ്രഥമദൃഷ്ട്യാ തോന്നാമെങ്കിലും ഇവയൊന്നും ത്രിത്വം തെളിയിക്കുവാൻ പര്യാപ്തമല്ല

ഡോ.ഹെൻട്രിമോറിസിന്റെ അഭിപ്രായത്തിൽ ത്രീത്വം ഈ പ്രപഞ്ചം പോലെയാണ്. ദ്രവ്യം, സ്ഥലം, സമയം എന്ന നിലയിലുള്ള മൂന്നു പ്രകൃതിഘടകങ്ങളെ ബന്ധപ്പെടുത്തിയുള്ള അദ്ദേഹത്തിന്റെ ചിന്താഗതി ശ്രദ്ധേയംതന്നെ. ഇവ മൂന്നിൽ ഏതെങ്കിലും ഒന്നു നീക്കംചെയ്താൽ പ്രപഞ്ചം നിലനിൽക്കുകയില്ല. ഈ മൂന്ന് ഭാഗങ്ങളും പരസ്പര ബന്ധിതമാണെങ്കിലും ഓരോന്നും അതിൽ തന്നെ പൂർണ്ണമല്ല.

ഗണിതശാസ്ത്രത്തിന്റെ രൂപകല്പനയുമായി ചിലർ ത്രിത്വത്തെ സാദൃശ്യപ്പെടുത്താറുണ്ട്. ഒരു സമത്രികോണത്തിന്റെ മൂന്നു കോണുകളും സമവായ സ്വതന്ത്രമായ അളവുകളാണ്. എന്നിരുന്നാലും ഓരോ രേഖകളും ത്രികോണത്തിൽ വ്യത്യസ്തമുണ്ട്താനും. അതും പൂർണ്ണമായ ത്രിത്വം സമർത്ഥിക്കാനാവില്ല.

ഉദാഹരണങ്ങൾ അതിൽ തന്നെ തെറ്റല്ലായെങ്കിലും ത്രിത്വം ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ കൊണ്ടൊന്നും തെളിയിക്കാനാവില്ല എന്നതാണ് സത്യം. സർവ്വശക്തനായ ദൈവത്തെ മനുഷ്യന്റെ ക്ഷണികമായ ബുദ്ധിക്കനുസൃതമായ ഉദാഹരണങ്ങളുടെ നിർവ്വചനകോട്ടയ്ക്കുള്ളിൽ ഒതുക്കി നിർത്താനാവില്ല. അതിനാൽ ഈ ഉദാഹരണങ്ങളൊന്നും കുറ്റമറ്റതല്ല. ത്രിത്വം എന്നത് തെളിയിക്കപ്പെടേണ്ട ഒരു സിദ്ധാന്തമല്ല പ്രത്യുത അത് ഒരു വെളിപ്പാടാണ്. തികച്ചും ദൈവീകം ദൈവാത്മാവിനാൽ മാത്രം ഉൾക്കൊള്ളുവാനും സംഗ്രഹിക്കുവാനും കഴിയുന്ന ഒരു ദൈവീകമർമ്മം തന്നെ. അത് പ്രകൃതിയോ യുക്തിയോ വെളിപ്പെടുത്തിയ ഒരു ആശയമല്ല.

### ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള സമ്മേളനം എന്നാൽ എന്ത്?

രണ്ട് വ്യത്യസ്ത പ്രകൃതിയുടെ സമന്വയസമ്മേളനമാണ് യേശുക്രിസ്തു- ദൈവത്വവും മനുഷ്യത്വവും. യേശുദൈവവും അതേസമയം മനുഷ്യനുമായിരുന്നു. യേശുക്രിസ്തുവിന്റെ മാനവികതയുടെയും ദൈവത്വത്തിന്റെയും ഈ ഐക്യത്തെ തിരുവചനം വെളിപ്പെടുത്തുന്നു. യേശു ജഡത്തിൽ വെളിപ്പെട്ട ദൈവമാണ്. "ആദിയിൽ വചനമുണ്ടായിരുന്നു (യേശു) വചനം (യേശു) ദൈവത്തോടുകൂടെ ആയിരുന്നു വചനം (യേശു) ദൈവമായിരുന്നു. വചനം ജഡമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 1: 1, 14) യേശുവിന് രണ്ട് പ്രകൃതങ്ങൾ ഉണ്ടായിരുന്നു- ദൈവീകവും മനുഷ്യത്വവും. അർദ്ധദൈവവും അർദ്ധമനുഷ്യനുമായിരുന്നില്ല. പ്രത്യുതപൂർണ്ണ മനുഷ്യനും പൂർണ്ണദൈവവു മായിരുന്നു. യേശു തന്റെ ദൈവീകത്വവും ഒരിക്കലും നഷ്ടപ്പെടുത്തിയിരുന്നില്ല. എന്നാൽ തന്റെ ഐഹിക ജീവിതകാലത്ത് താൻ മനുഷ്യത്വത്തോടെ ദൈവമായി ഭൂമിയിൽ വസിച്ചു.

### പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ വ്യക്തികളാണെന്ന് പറയുന്നതെന്തുകൊണ്ട്?

ത്രിയേകദൈവം : പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ മൂന്നും ഒരു വ്യക്തിയല്ല അതേ സമയം ഒരേ നിലയിൽ ഒരുമിക്കുന്ന ത്രിയേക ദൈവവുമാണ്. പിതാവല്ല പുത്രൻ, പുത്രൻ പിതാവുമല്ല അതേസമയം ഓരോരുത്തരും അതാതു നിലയിൽ ദൈവവുമാണ്. ത്രിത്വത്തിന്റെ മറ്റൊരു സവിശേഷതയത്രെ ഇത്. 5-ാം പേജിൽ കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്നും അത് വ്യക്തമാണ്.

മൂന്നു വ്യക്തികളല്ലെങ്കിൽ മൂന്നു വ്യക്തിത്വങ്ങളുണ്ട്. ഒരു വ്യക്തിയുടെ ഇച്ഛ, ആശ, സ്നേഹം, ഇഷ്ടം, എന്നീ വികാര വിചാരങ്ങൾ എല്ലാം തന്നെ ഉണ്ട്താനും. ഇവ വ്യക്തിത്വത്തിന്റെ അഭിഭാജ്യഘടകങ്ങൾ തന്നെ.

Printed matter only

**MALAYALAM EDITION**

## നിങ്ങൾക്ക് അറിയാമോ?

വിവിധ ക്രിസ്തൃൻ വിഭാഗങ്ങൾ ത്രിത്വത്തെ നിരാകരിക്കുന്നു. ന്യൂനപക്ഷമെങ്കിലും ക്രിസ്തീയ ഗോളത്തിൽ രണ്ട് കൂട്ടരാണ് ത്രിത്വനിക്ഷേധികളായിട്ടുള്ളത്. ഇവർ വളരെ ന്യൂനപക്ഷമാണെങ്കിലും വളർച്ചയിലും പ്രചരണത്തിലും ബന്ധശ്രദ്ധാലുക്കളാണ്. യേശുവിൻ നാമക്കാരും (മോർമോൻസ്) യഹോവാസാക്ഷികളും.

പിതാവായ ദൈവം നേരിട്ട് സൃഷ്ടിച്ചതാണ് പുത്രനായ ക്രിസ്തുഎന്നാണ് യഹോവയുടെ സാക്ഷികൾ വിശ്വസിക്കുന്നത്. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെ ഇവർ ഉൾക്കൊള്ളാതെ ദൈവത്തിന്റെ ക്രീയാത്മക ശക്തിയായി കരുതപ്പെടുന്നു. മോർമോനിസം ക്രിസ്തുവിനെ ദൈവം സൃഷ്ടിച്ചു എന്നും, മറ്റു മൂന്നു ദൈവങ്ങളായി അവതരിച്ചു എന്നും കരുതുന്നു. ഏകദൈവം എന്ന ചിന്താഗതിക്ക് പകരം ബഹുദൈവസങ്കൽപ്പത്തിനാണിത് മുൻതൂക്കം കൊടുക്കുന്നത്.

if Undelivered
Please return to:


**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# യേശുവിനെ മാത്രം ഞാൻ കാണട്ടെ

*"അവർ തലപൊക്കി നോക്കിയാറെ, യേശുവിനെ മാത്രമല്ലാതെ വേറെയാരെയും കണ്ടില്ല"*
– മത്തായി 17 : 8

മറുരൂപ മലയിൽ യേശു മോശെയുമായി സംഭാഷിച്ചു.- മോശെ ന്യായപ്രമാണത്തേയും ഏലിയാവ് പ്രവാചകന്മാരെയും, യേശു പുതിയ നിയമപ്രമാണത്തെയും കൃപായുഗത്തെയും പ്രതിനിധീകരിച്ചു. ആവേശത്തിരക്കിൽ പത്രൊസ് മൂന്നു കുടിൽ ഉണ്ടാക്കട്ടെയെന്ന് ആലോചന പറഞ്ഞു: ആ അവസരത്ത് ഒരു മേഘം അവരെ മറക്കുകയും സ്വർഗ്ഗത്തിൽ നിന്നും പിതാവിന്റെ ശബ്ദം അവർ വ്യക്തമായി കേട്ടു. " ഇവൻ എന്റെ പ്രീയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന് ചെവികൊടുപ്പിൻ". (വാക്യം 5) ഭയപരവശരായി ശിഷ്യർ സാഷ്ടാംഗം വീണു. പിന്നീട് തലയുയർത്തി നോക്കിയപ്പോൾ യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല.



ഇന്ന് പലവിധ സഭകളും സംഘടനകളും പെരുകി വരുന്നു. ജനങ്ങളുടെ ശ്രദ്ധതിരിക്കുവാനും തെറ്റിദ്ധരിപ്പിക്കുവാനും വ്യാപകശ്രമം നടക്കുന്നുണ്ട്. എന്നാൽ യേശു കർത്താവിനെ അല്ലാതെ ആരാധിക്കുവാനും സ്വീകരിക്കുവാനും നമുക്കാരുമില്ല. കല്പനയോ പ്രമാണമോ പ്രവാചകന്മാരുടെ ഒത്താശയോ ആവശ്യമില്ല ക്രിസ്തു മാത്രംമതി നമ്മെ നയിക്കുവാൻ. നമ്മുടെ വിഷമഘട്ടത്തിലായാലും സന്തോഷനേരത്തായാലും യേശു മാത്രംമതി എന്ന തെളിഞ്ഞ കാഴ്ചപ്പാട് മാത്രമേ പാടുള്ളൂ. വിഭിന്നമായ ശബ്ദമുഖരിതമായ ഈ ലോകത്തു നമ്മുടെ കാതുകളെ യേശുവിനായി മാത്രം കേന്ദ്രീകരിക്കാം, ഏകാഗ്രമാക്കാം.

സാഹചര്യങ്ങളിലേക്കും, മറ്റ് വ്യക്തികളിലേക്കും നാം കണ്ണുകൾ ഉയർത്തിയാൽ നിരാശയും നിരുത്സാഹവുമാകും ഫലം ക്രൂശിലെ കണ്ണനെപ്പോലെ രക്ഷിക്കാവിങ്കലേക്ക് കണ്ണുയർത്താം. നമ്മുടെ അദ്ധ്വാനത്തിന്റെയും ഓട്ടത്തിന്റെയും ലാക്കും ലക്ഷ്യവും യേശുനാഥൻ മാത്രമാകട്ടെ. വിശ്വസ്തനായവൻ നമ്മെ വിജയത്തിലെത്തിക്കും. പാട്ടുകാരനോട് ചേർന്ന് നമുക്കും പാടാം: -"യേശുവിനെ മാത്രം ഞാൻ കാണട്ടെ".

– *MWS*


Chief Editor
**Michael W. Smith**

Malayalam Editor:
**Mathew Joseph**

Asst. Editor
**Baby Mathew**

Publisher:
**Biju J. Varghese**